# രാജഹംസം

**ഡി. ബാബുപോൾ**

**1993** മാർച്ച് അവസാനവാരം (എന്നാണോർമ്മ) ആണ് പരമേശ്വർജിയെ ഞാൻ പരിചയപ്പെടുന്നത്. അതായത് ഞങ്ങളുടെ സൗഹൃദം രജതജൂബിലി വർഷത്തിൽ എത്തിയിരിക്കുന്നു. ഈ കാലയളവിനിടയിൽ കേവല സൗഹൃദം. ഊഷ്മള ഭ്രാതൃഭാവം ആയി മാറുകയും ചെയ്തു.

ഞങ്ങൾ പരിചയപ്പെടുന്നത് ഒരു അദ്ധ്യക്ഷവേദിയിൽ വച്ച് ആയിരുന്നു. ശ്രീരാമന്റെ പ്രസക്തി എന്ന വിഷയത്തെക്കുറിച്ചാണ് ഞാൻ അന്ന് സംസാരിച്ചത്.1992 ഡിസംബറിന് ശേഷം ഉള്ള കാലം. ഞാൻ റവന്യൂബോർഡിൽ അംഗം. കരുണാകരന്റെ പ്രതാപകാലം. അന്ന് ഭാരതീയ ജനതാപാർട്ടിയോട് ആഭിമുഖ്യം ഉള്ളവർ സംഘടിപ്പിക്കുന്ന ഒരു സെമിനാറിൽ ദൽഹിയിൽ നിയമനം സ്വപ്നത്തിൽ കൊണ്ടുനടക്കുന്നവരായ ഐ.എ.എസ്.കാർ സംബന്ധിക്കുക അസാധാരണമായിരുന്നു എന്ന് പറയേണ്ടതില്ല. ആ സാന്നിദ്ധ്യം- കവി നാരായണക്കുറുപ്പാണ് എന്നെ ക്ഷണിച്ചുകൊണ്ടുപോയത്.- പരമേശ്വർജിക്ക് ഇഷ്ടമായി എന്ന് പറയേണ്ടതില്ല. അന്നത്തെ പ്രഭാഷണവും ഇഷ്ടമായി. അതുകൊണ്ട് ആ വാക്കുകൾ വരമൊഴിയാക്കിയത് ഉൾപ്പെടുത്തിയ എന്റെ രചനയ്ക്ക് പരമേശ്വർജി തന്നെ അവതാരിക എഴുതി അനുഗ്രഹിക്കുകയും ചെയ്തു.

പെൻഷനായതിന് ശേഷം ഞാൻ കോട്ടയ്ക്കകത്തെ ആശ്രമത്തിൽ പതിവ് സന്ദർശകനായി. ബൈബിളും ഗീതയും വിവേകാനന്ദന്റെ ദർശനവും പരമഹംസരുടെ മതവും പോലെ ഉള്ള വിഷയങ്ങളായിരുന്നു എന്നും ചർച്ചയിൽ. നരസിംഹറാവുവിന്റെ കാലത്തിന് ശേഷം ഉണ്ടായ രാഷ്ട്രീയമായ അനിശ്ചിതത്ത്വങ്ങൾ എന്നെ ഒരു ഭാ.ജ.പാ.അനുഭാവിയോ സഹയാത്രികനോ ആക്കിയിരുന്നുവെങ്കിലും പരമേശ്വർജിയോടൊത്ത് ചെലവഴിച്ച അനുഗ്രഹീത സായാഹ്നങ്ങളെ രാഷ്ട്രീയ വർത്തമാനങ്ങൾ ഒരിക്കലും അലോസരപ്പെടുത്തിയതായി ഓർമ്മയില്ല. ചരിത്രം, ദർശനം തുടങ്ങിയവയായിരുന്നു എപ്പോഴും ചർച്ചയിൽ ഉയർന്നിരുന്നത്.

പോർച്ചുഗീസുകാർ ഇവിടെ നടത്തിയ മതപരിവർത്തനയജ്ഞങ്ങളെക്കുറിച്ച് ഞങ്ങൾക്ക് ഒരേ അഭിപ്രായം ആയിരുന്നു. നിർബന്ധിച്ച് മതം മാറ്റിയാൽ ആ തലമുറയിൽ പ്രയോജനനം ഉണ്ടായില്ലെങ്കിലും രണ്ടാമത്തെയോ മൂന്നാമത്തേയോ തലമുറ ആവുമ്പോഴേക്കും ആ ആത്മാക്കൾ രക്ഷപ്പെടും എന്നതായിരുന്നു പോർച്ചുഗീസുകാരുടെ ചിന്ത. മതപരിവർത്തനത്തിൽ ശ്രദ്ധിക്കാതെയും സാംസ്ക്കാരികമായി ഹിന്ദുസമൂഹത്തിൽ നിന്ന് അകന്നുപോകാതെയും ഇപ്പോൾ അമേരിക്കക്കാർ ഹിന്ദുക്കളാമ്പോലെ ക്രിസ്ത്യാനികളായ ഹിന്ദുക്കൾ ആയിരുന്നുവല്ലോ ഇവിടുത്തെ പഴയ ക്രിസ്ത്യാനികൾ. പോർച്ചുഗീസുകാർക്ക് അവരും സ്വീകാര്യരായിരുന്നില്. അതിനെതിരെയാണ് നാട്ടുക്രിസ്ത്യാനികൾ 1653-ൽ കൂനൻകുരിശ് സത്യം ചെയ്തത്. പാശ്ചാത്യകോയ്മകൾക്കെതിരെ ഭാരതത്തിൽ ഉയർന്ന ആദ്യത്തെ സ്വാതന്ത്ര്യ കാഹളം ആയിരുന്നു കൂനൻ കുരിശ് സത്യം.

ഒരു സ്വയംസേവക് എന്ന നിലയിൽ വിശ്വസ്തതയോടെ സ്വജീവിതം ചിട്ടപ്പെടുത്തിയ വ്യക്തിയാണ് പരമേശ്വർജി. മാതൃഭൂമിയോടും ജനിച്ചുവളർന്ന സമുദായത്തോടും തനിക്ക് ചുറ്റുമുള്ള സമൂഹത്തോടും കൃതജ്ഞതാപ്രേരിതമായ പ്രതിബദ്ധതയോടെ ജീവിക്കാൻ കഴിയുന്നു എന്നതാണ് പരമേശ്വർജിയെ വ്യതിരിക്തനാക്കുന്നത്.

ഹിന്ദുമതത്തിലെ അവാന്തരവിഭാഗങ്ങളെയും ദർശന വൈജാത്യങ്ങളേയും കുറിച്ച് തികഞ്ഞ യാഥാർത്ഥ്യബോധമാണ് പരമേശ്വർജി എന്നും പ്രദർശിപ്പിച്ചിട്ടുള്ളത്. 'ഹിന്ദു' എന്ന സ്വത്വത്തിൽ ആകൃഷ്ടനായിരിക്കവെ തന്നെ ആ സ്വത്വം. സങ്കുചിതമായ അർത്ഥത്തിലുള്ള ഒരു മതസങ്കല്പത്തിൽ തളച്ചിടപ്പെടേണ്ടതാണ് എന്ന് ആ ജ്ഞാനവൃദ്ധൻ ഒരിക്കലും കരുതിയില്ല. ദേവീസങ്കല്പത്തിന്റെ നാനാർത്ഥങ്ങൾ അദ്ദേഹം എന്നും തിരിച്ചറിഞ്ഞിരുന്നു. അങ്ങനെ ഒരാൾക്ക് ഹിന്ദുമതം എന്നൊരു പരമ്പരാഗതമതം ക്രിസ്തുമതത്തിനോ ഇസ്ലാമിനോ സൊറാസ്ട്രിൻ മതത്തിനോ സമാനമായി തിരിച്ചറിയാനോ അടയാളപ്പെടുത്താനോ കഴിയുകയില്ല.

നമ്മുടെ മുടിപ്പുരകൾ തന്നെ എടുക്കുക. ഇന്നും ഉത്സവകാലത്ത് മാത്രം ഓലകെട്ടി ആരാധനാസ്ഥലം നിർമ്മിച്ച് ഭഗവതീശക്തിയെ ആവാഹിച്ച് കുടിയിരുത്തുന്നു. സമ്പ്രദായം നമ്മുടെ നാട്ടിൻപുറങ്ങളിൽ അസാധാരണമല്ല. ബ്രെസൽമിഷൻകാർ മംഗലാപുരത്ത് ഓടുകൾ നിർമ്മിക്കാൻ തുടങ്ങിയതിന് ശേഷമാണ് പള്ളികൾക്കും അമ്പലങ്ങൾക്കും സ്ഥിരമായ മേൽക്കൂരകൾ സുസാധാരണമായത്. അതുവരെ സമ്പന്നമായ ക്ഷേത്രങ്ങളും പള്ളികളും മാത്രമാണ് സ്ഥിരമായി മേഞ്ഞിരുന്നത്.

ഈ ദേശി ശക്തിയാണ്, ശക്തി എന്നതിനർത്ഥം ശ സമം ഐശ്വര്യം, ക്തിഃ സമം പരാക്രമം എന്നാണല്ലോ. അതുകൊണ്ട് ദേവി എന്നും ഭഗവതി എന്നും പറയുമ്പോൾ നമുക്ക് ഭദ്രകാളി മുതൽ മഹാലക്ഷ്മി വരെ വിവിധ ഭാവങ്ങളിൽ ആ സങ്കല്പത്തം സ്വാംശീകരിച്ച് ആരാധിക്കാൻ കഴിയുന്നത്.

സൃഷ്ടി സ്ഥിതി സംഹാര കർതൃത്വത്തെക്കുറിച്ചുള്ള സങ്കല്പങ്ങളിലും ഈ ഏകത്വ-നാനാത്വ സാദ്ധ്യതകൾ നമുക്ക് കാണാൻ കഴിയും.

കേരളത്തിൽ വിഷ്ണുവിനെ ആരാധിക്കുന്നവർ ശിവനെയും ആരാധിക്കുന്നതിൽ അനൗചിത്യമോ അഭംഗിയോ ആരും കാണാറില്ല. എന്നാൽ ഭാരതവർഷത്തിൽ എല്ലായിടത്തും അതല്ലല്ലോ സ്ഥിതി.

ശ്രീനാരായണൻ അരുവിപ്പുറത്ത് പ്രതിഷ്ഠ നടത്തുന്നതിന് മുൻപ് ഗുരുവിന്റെ സമുദായം കേരളത്തിലെ തനതു ദൈവസങ്കല്പങ്ങളായ മാടനെയും മറുതയെയും ആരാധിച്ചിരുന്നു. ഇപ്പോഴും വനവാസികളെന്നും ആദിവാസികളെന്നും വിവരിക്കപ്പെടുന്നവർക്ക് ആര്യവൈദിക സങ്കൽപ്പങ്ങളല്ല ആരാധനാമൂർത്തികൾ.

അതേ സമയം ഇക്കൂട്ടരെയെല്ലാം മൊത്തത്തിൽ നാം വിവരിക്കുന്നത് ഹിന്ദു എന്ന പദം ഉപയോഗിച്ചാണ്. സായിപ്പ് പണ്ട് കനേഷുമാരി തുടങ്ങിയപ്പോൾ കണ്ടുപിടിച്ച ഒരു കുറുക്കുവഴിയാണ് അവർക്ക് തിരിയുന്ന ക്രിസ്തുമതം, ബുദ്ധമതം, സിക്കുമതം, ഇസ്ലാം, പാർസി, ജൈനമതം എന്നിവയ്ക്കൊപ്പം അവർക്ക് മനസ്സിലാക്കാൻ കഴിയാതിരുന്ന കാക്കത്തൊള്ളായിരം ആരാധനാ സമ്പ്രദായങ്ങളെ ഒരൊറ്റ മുത്തുക്കുടയുടെ കീഴിൽ നിർത്തി ഹിന്ദുമതം എന്ന് വിവരിക്കുക എന്നത്.

ഇത് ഗ്രഹിക്കുമ്പോഴാണ് ഹിന്ദുമതം ക്രിസ്തുമതമോ ബുദ്ധമതമോ പോലെ ഒരു മതം അല്ല, ഒരു സംസ്ക്കാരവും ഒരു ജീവിതരീതിയും ആണ് എന്ന് കാണാൻ കഴിയുന്നത്. ബുദ്ധമതത്തിൽ ഹീനയാനവും മഹായനവും ഉണ്ടാകാം. ഇരുവിഭാഗത്തെയും ബന്ധിപ്പിക്കുന്നത് ശ്രീബുദ്ധൻ എന്ന കേന്ദ്രബിന്ദു ആണ്.

ക്രിസ്തുമതത്തിൽ കത്തോലിക്കരും പ്രോട്ടസ്റ്റൻകാരും ഓർത്തഡോക്സുകാരും പെന്തക്കോസ്തുകാരും രക്ഷാസൈന്യവും ഒക്കെ ഉണ്ട്. എന്നാൽ അവരുടെ വിശ്വാസപ്രമാണവും വേദശാസ്ത്രചിന്താപദ്ധതികളും എത്ര തന്നെ പ്രതിഭിന്നമായിരുന്നാലും ക്രിസ്തു ഈശ്വരന്റെ ഏക പൂർണ്ണാവതാരം എന്ന ആശയം അവർക്ക് പൊതുവാണ്. ഹിന്ദുമതത്തിൽ അങ്ങനെയില്ലല്ലോ. വിഷ്ണുവിനെ ആരാധിക്കാതെയും ആരാധിച്ചും ഹിന്ദു ആകാം. പരമശിവനം ആരാധിക്കാതെയും ആരാധിച്ചും ഹിന്ദു ആകാം. ഇത് ഗ്രഹി്കുമ്പോൾ ഓരോ ഭാരതീയനും താൻ ഒരു ഹിന്ദുവാണ് എന്ന് അഭിമാനത്തോടെ പറയുവാൻ ക്ലേശിക്കേണ്ടി വരികയില്ലല്ലോ.

ഇങ്ങനെ വിശാലമായ ഒരു വേദശാസ്ത്ര പരിസരത്ത് നിൽക്കുന്നതിനാലാണ് പരമേശ്വർജിക്ക് ഒരേസമയം സ്വയംസേവകനായും ഹിന്ദുമതപണ്ഡിതനായും വിവേകാനന്ദമതത്തിന്റെ പ്രവാചകനായും ഭാരതീയപാരമ്പര്യത്തിന്റെ കറതീർന്ന പ്രതീകമായും സ്വയം അടയാളപ്പെടുത്താനാവുന്നത്. ഒരേസമയം കേരളത്തിൽ രാമായണമാസാചരണം ദൃഢപ്പെടുത്തുന്നതിനും വിവേകാനന്ദസന്ദേശം പ്രചരിപ്പിക്കുന്നതിനും പരമേശ്വർജിക്ക് കഴിയുന്നതും അതുകൊണ്ട് തന്നെ ആണ്.

നവതി കടന്നു ഇനി ശതകം പിന്നിലാവട്ടെ. പൂർണ്ണപുരുഷായുസ്സ് തികയുവോളം സമൂഹത്തിന് മാർഗ്ഗനിർദ്ദേശിയായി പരമേശ്വർദി നമുക്കൊപ്പം ഉണ്ടാവട്ടെ. “ഏകേന രാജഹംസേന യാ ശോഭാ സരസോ ഭവേത് ന സാ ബകസഹസ്രേണ പരിതസ്തീര വാസിനാ” എന്നതാണ് പരമേശ്വർജിയെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ തെളിയുന്നത്: തടാകതീരത്ത് ആയിരം കൊക്കുകൾ ഉണ്ട്, എന്നാൽ തടാകത്തിന് ശോഭ പകരുന്നത് ഒരൊറ്റ രാജഹംസമാണ്; ആയിരം കൊക്കുകൾക്ക് പകരാനാവാത്തതാണ് ആ ശോഭ.

************